**Shikshan Sanshodhan : Journal of Arts, Humanities and Social Sciences** ISSN: 2581-6241
Monthly, Peer-Reviewed, Refereed, Indexed Journal Impact Factor: 5.146
Volume - 5, Issue - 5, MAY - 2022 Publication Date: 15/05/2022

DOIs:10.2018/SS/202205003 --:-- Research Article

# അധിവാസികളും അപഹരിക്കപ്പെട്ടവരും

**ഡോ. അനീഷ് പോള്**
അസി. പ്രൊഫസർ, ഭാരതമാതാ കോളേജ്
തൃക്കാക്കര
Email - anishacst@gmail.com

**സംഗ്രഹം (Abstract):** എല്ലാ വ്യവസ്ഥകളെയും ഏകപക്ഷീയതകളെയും കൈവെടിഞ്ഞ ഒരു ക്രമമില്ലായ്മയാണ് പുതിയ നാഗരികതയുടെത്. ഇവിടെ സ്ഥിരവാസികളാകുന്നതിനുള്ള സാധ്യതകളില്ല. സമകാലിക നഗരത്തില് നിശ്ചിത ലക്ഷ്യത്തിനുവേണ്ടി രൂപം കൊണ്ടിട്ടുള്ള ഗാങുകള്ക്കോ കലാപകാരികള്ക്കോ സംഘടനകള്ക്കോ എപ്പോള് വേണമെങ്കിലും തട്ടിക്കൊണ്ടുപോകുന്നതിനും ചാവേർബോംബ് ആക്കി മാറ്റുന്നതിനും മറ്റ് വിധത്തില് കൊല ചെയ്യുന്നതിനും സാധ്യതയുള്ള കേവലദ്രവ്യങ്ങളായി വ്യക്തികള് മാറിയിരിക്കുന്നു. വ്യക്തികളെ കേവലദ്രവ്യങ്ങളോ, ശരീരങ്ങളോ ആയി മാത്രംകാണുന്ന ഇത്തരം ഗാങുകളും സംഘടനകളും ഒരുതരം അധിവാസികളാണ്. അധികാരപ്രയോഗത്തിലൂടെ വ്യക്തിയുടെ ജൈവികതയെ ചോർത്തിക്കളയുന്ന ഭരണകൂടത്തിന് എതിരെയാണ് ഈ അധിവാസികള് നീതിക്കുവേണ്ടി അണിനിരക്കുന്നതെങ്കിലും എല്ലാ സ്വത്വങ്ങളെയും ഒരുമിച്ചു ചേർക്കണമെന്നുള്ള സമഗ്രചിന്ത അവർക്കില്ല. അധിവാസികളായ ഇവർക്ക് വർത്തമാനത്തിനപ്പുറമുള്ള ലക്ഷ്യങ്ങളില്ല. അധികാരികള്ക്കെതിരായ ഇവരുടെ പ്രതികരണങ്ങള്ക്ക് ഇരയാകുന്നത് നീതിതേടുന്ന നിരവധി അഭയാർത്ഥികളും പ്രവാസികളുമടങ്ങുന്ന വിവിധ സ്വത്വങ്ങളാണ്. നഗരവളർച്ചയുടെ ആദ്യഘട്ടത്തില് പ്രവാസികളും ചേരിവാസികളും സ്ഥിരവാസികളാല് ചൂഷിതരെങ്കിലും അവർക്കിടയില് ഒരു പാരസ്പര്യം നിലനില്ക്കുന്നുണ്ട്. ചൂഷണത്തിന്റെ ഈ വ്യവസ്ഥിതി നൈതികമല്ലെങ്കിലും പിന്നീട് നഗരത്തില് നഗരവാസികള് എന്ന സ്ഥിരവാസികള്തന്നെ ഇല്ലാതാകുന്നവിധം നഗരത്തിനു മാറ്റം സംഭവിക്കുന്നുണ്ട്. നഗരവാസി എന്ന സ്ഥായിയായ ഒരു പ്രതിഭാസം ഇന്നത്തെ നഗരങ്ങള്ക്കില്ല. ഇന്ന് മിക്കനഗരങ്ങളും സ്വന്തമാക്കിയിരിക്കുന്നത് അസ്ഥായിയായ അധിവാസികളാണ്. ഇന്നത്തെ അധിവാസി നാളത്തെ നഗരവാസിയായേക്കാം. പക്ഷേ, അധിവാസം അവസാനമില്ലാത്ത പ്രക്രിയയാണ്. അങ്ങനെ നോക്കുമ്പോള് ഓരോ നഗരവും മൗലികമായും അധിവാസിയുടേതാണ്. ജൈവിക സ്വാതന്ത്ര്യം ഒരിക്കലും സാധ്യമല്ലാത്ത ഒരിടമായി നഗരം പരിണമിച്ചിരിക്കുന്നു.

**താക്കോൽവാക്കുകൾ(Key Words)-** *അധിവാസി, ജൈവികസ്വാതന്ത്ര്യം, നഗരവാസി*

**ആമുഖം :**

ആധുനിക മലയാളനോവലിൽ നഗരം ചെലുത്തിയ ഇടപെടലുകൾ ഏറെ പഠനവിധേയമായിട്ടുണ്ട്. എഴുത്തിൽ ഒരു 'അ-പാരമ്പര്യക്കാരനായി' (നാരായണൻ 2004:30) ആധുനികഘട്ടത്തിൽ കടന്നുവന്ന ആനന്ദിൻറെ നോവലുകളിൽ നഗരം പ്രധാനപ്പെട്ട ഇടമാണ്. അത് വെറുമൊരു കഥാപശ്ചാത്തലമായിട്ടല്ല മറിച്ച് പ്രമേയംതന്നെ ആയിട്ടാണ് ആനന്ദിൻറെ എഴുത്തുകളിൽ വരുന്നത്. ആൾക്കൂട്ടം മുതലിങ്ങോട്ടുള്ള നോവലുകളിലെല്ലാം നഗരം ഓരോഘട്ടത്തിലും മനുഷ്യസ്വാതന്ത്ര്യത്തിനുമേൽ നടത്തുന്ന ഇടപെടലുകളുടെ സൂക്ഷ്മാവിഷ്ക്കാരം കാണാം. ആനന്ദിനെ സംബന്ധിച്ച് നഗരം ജൈവപ്രകൃതിയുടെ ഭാഗമായ മനുഷ്യൻ നേരിടുന്ന അനേകം അവസ്ഥകളിൽ ഒന്നു മാത്രമാണ്. ആനന്ദിൻറെ 'അപഹരിക്കപ്പെട്ട ദൈവങ്ങൾ' എന്ന നോവൽ, മറ്റു

നോവലുകൾ പോലെ, ബഹുവിഷയങ്ങൾകൊണ്ട് സങ്കീർണ്ണമാണ്. അതിൽ തെളിയുന്ന പുതുനാഗരികതയാണ് ഈ പ്രബന്ധം പരിശോധിക്കുന്നത്.

അമൻറെ ജീവിതത്തിനും മരണത്തിനുമിടയിലെ സമയത്തെ പലായനമായിട്ടാണ് നോവൽ ആവിഷ്കരിക്കുന്നത്. നവനാഗരികതയിൽ ഓരോരുത്തരും ഈ പലായനവ്യഗ്രത പേറേണ്ടിവരുന്നുണ്ട്. ജീവിതത്തിനും മരണത്തിനുമിടയിലുള്ള ഈ പലായനത്വരയെ ഏറ്റുവാങ്ങുന്നവരാണ് ഗണേശനും നസീമയും. അവരുടെ മകനെ (അമൻ¶ ഒരിക്കൽ കാണാതാവുന്നു. കുറേദിവസങ്ങൾക്കുശേഷം അവൻ തിരിച്ചു വന്നുവെങ്കിലും വൈകാതെ ഒരു വണ്ടിയപകടത്തിൽ മരണമടയുന്നു. അതിൻറെ ഭീതി ഏറ്റു വാങ്ങുന്ന നസീമ തൻറെ അശാന്തിക്ക് സീമകൾ വരയ്ക്കാൻ വിശ്വാസത്തിൻറെ മാർഗ്ഗം സ്വീകരിക്കുന്നു. ഗണേശനാകട്ടെ അമൻറെ മുറിയിൽനിന്നും കിട്ടിയ ബുക്കിലെ ചില കവിതകളെ പിന്തുടരുകയാണ്. അത് അയാളെ പുതിയ ചില അനുഭവങ്ങളിലേക്ക് നയിക്കുന്നു. നഗരസഭയിലെ അഡ്മിനിസ്ട്രേഷൻ ഓഫീസിലെ ജോലി രാജി വച്ച് ഗണേശൻ നാടോടികളും അഭയാർത്ഥികളും കുടിയിറക്കപ്പെട്ടവരുമായ മനുഷ്യരുടെ ഇടയിലേയ്ക്ക് ഇറങ്ങിച്ചെല്ലുന്നു. നിഷ്കാസിതരും നിന്ദിതരും പീഡിതരുമായവരുടെ ഇടയിലേക്ക് ഇറങ്ങുന്ന ഗണേശനിലൂടെയാണ് നഗരചിന്തകൾ വികസിക്കുന്നത്.

**നഗരവും ജൈവികതയും :**

മനുഷ്യനെ ജൈവപ്രകൃതിയുടെ ഭാഗമായിട്ടാണ് ആനന്ദ് വീക്ഷിക്കുന്നത്. അതിഭൗതികവാദത്തിലോ, യാന്ത്രികഭൗതികവാദത്തിലോ, പ്രത്യയശാസ്ത്രങ്ങളിലോ മനുഷ്യനെ തളച്ചിടുന്നത് ആനന്ദ് ഇഷ്ടപ്പെടുന്നില്ല. വിശാലമായ പ്രകൃതിയുടെ ഭാഗമായ അവൻറെ ജീവാധികാരത്തെ എങ്ങനെ വീണ്ടെടുക്കാം എന്ന അന്വേഷണം ആനന്ദിനു പ്രധാനമാണ്. ജൈവികതയ്ക്കു തടസ്സമാകുന്ന രാഷ്ട്രസംവിധാനങ്ങളും അതിൻറെ ഭാഗമായ വികസിതനാഗരികതയും അവയുടെ ചരിത്രപരമായ മാനത്തോടെ ഈ അന്വേഷണങ്ങൾക്ക് സമാന്തരമായി തെളിഞ്ഞുവരുന്നു. അങ്ങനെ പ്രാചീനഘട്ടം മുതലുള്ള നഗരസംസ്കാരങ്ങൾ ആനന്ദിൻറെ പഠനങ്ങളിലെന്നപോലെ സർഗ്ഗാത്മകൃതികളിലും നിരന്തരം കടന്നുവരുന്നു.

ആനന്ദിൻറെ കൃതികളിൽ ഏകാകികളും വിഷാദികളും രോഗാതുരരും ഒക്കെ ചേരുന്ന നീണ്ടനിരതന്നെയുണ്ട്. എങ്കിലും അതിൽ മിക്കവരും അവരുടെ പ്രശ്നങ്ങളിലൊടുങ്ങാതെ ചിന്തയിലൂടെയും പ്രതികരണത്തിലൂടെയും അതിജീവനത്തിൻറെ വഴികൾ തുറന്നിടുന്നവരുമാണ്. ഒരുപക്ഷെ 'ആൾക്കൂട്ടം' വായിക്കുമ്പോൾ തങ്ങളുടെ ജീവാധികാരത്തെ നിലനിർത്താനാവാതെ സുനിലിനെ പോലുള്ളവർ നഗരത്തിലെ മുഖമില്ലാത്ത ആൾക്കൂട്ടത്തിൽ ലയിക്കുന്നതായി കാണാം. എങ്കിലും കടുത്ത പരീക്ഷണങ്ങൾ നേരിട്ടുകൊണ്ട് സ്വന്തം ജൈവികസ്വാതന്ത്ര്യം അവസാനംവരെ നിലനിർത്താൻ ബദ്ധപ്പെടുന്നവരുമാണ്. ഈ അതിജീവനശൈലി അടുത്ത നോവലുകളിലേക്ക് കണ്ണിയാകുന്നുമുണ്ട്. നിരവധി പീഡനപർവ്വങ്ങൾ ഏറ്റുവാങ്ങിയിട്ടും ഗോവർധൻറെ യാത്രകൾ അവസാനിക്കുന്നില്ല എന്നത് ഉദാഹരണം. ഈ കഥാപാത്രങ്ങൾക്കെല്ലാംതന്നെ നഗരത്തോടും ഗ്രാമത്തോടും ഇഴപിരിയാത്ത ബന്ധമുണ്ട്.

'അപഹരിക്കപ്പെട്ട ദൈവങ്ങൾ' എന്ന നോവലിലെത്തുമ്പോൾ നഗരവ്യവസ്ഥയിൽ ക്രമാതീതമായ മാറ്റമാണ് സംഭവിച്ചിരിക്കുന്നത്. അതിനെ നേരിടാൻ ശ്രമിക്കുന്നവർ, സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള നവദർശനങ്ങളാണ്തുറന്നു തരുന്നത്. ജൈവപ്രകൃതിയുമായുള്ള സ്വച്ഛന്ദബന്ധത്തെ അറുത്തുനീക്കാതെ ഏറെ സങ്കീർണ്ണമായ പുതുനാഗരികതയെ എങ്ങനെ നേരിടാമെന്ന അന്വേഷണം ഈ നോവലിലുടനീളമുണ്ട്. ആനന്ദിൻറെ സ്വാതന്ത്ര്യസങ്കല്പത്തിൽ പ്രധാനമായതാണ് 'മൃത്യുവാഞ്ഛയും' 'പലായനത്വരയും'. ഇത് സ്വാതന്ത്ര്യത്തിൽനിന്നുമുള്ള ഒളിച്ചോട്ടമാണ്. എന്നാൽ ജീവാധികാരം ഉപയോഗിച്ച് അതിനെ നേരിടുന്നവരാണ് സ്വാതന്ത്ര്യത്തിൻറെ 'സാർത്ഥകമായ' പ്രയോക്താക്കളാകുന്നത്. 'അപഹരിക്കപ്പെട്ടദൈവങ്ങ'ളിലും സ്വാതന്ത്ര്യത്തിൻറെ ഈ മൂന്നു വഴികളിലൂടെയും കടന്നുപോകുന്നവരുണ്ട്. അവർ നേരിടുന്ന നഗരം മുൻനോവലുകളിലെപ്പോലെയല്ലതാനും.

**അപഹരിക്കപ്പെട്ട ദൈവങ്ങളിലെ ചരിത്രപശ്ചാത്തലം :**

താൻ ജീവിക്കുന്ന നാഗരികഘട്ടത്തിൻറെ മുഴുവൻ സംഘർഷങ്ങളും ആദ്യനോവൽ മുതൽ ആനന്ദ് പകർത്തുന്നുണ്ട്. ബോംബെ ഒരു പ്രദേശം എന്നതിനേക്കാൾ, സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ പരിച്ഛേദമാണ്. ഈ പ്രതിസന്ധികളുടെയെല്ലാം അടിവേര്, നവോത്ഥാന ഇന്ത്യ രൂപപ്പെട്ടതിലെ അപാകങ്ങളാണെന്ന് ആനന്ദ് തിരിച്ചറിയുന്നു. ഇന്ത്യ ഒരു സ്വതന്ത്രരാഷ്ട്രമായി രൂപപ്പെടുന്നതിനു പിന്നിൽ പല നവോത്ഥാന ലക്ഷ്യങ്ങളുമുണ്ടായിരുന്നു. എന്നാൽ അവയിലൊന്നുംതന്നെ പൂർത്തീകരിക്കപ്പെടാത്തിൻറെ വേദന പേറുന്നവരാണ് ആനന്ദിൻറെ കഥാപാത്രങ്ങൾ꠹ കൊളോണിയൽ ഭരണത്തെത്തുടർന്ന് നവോത്ഥാന ഇന്ത്യ രൂപപ്പെടുന്നതിനുപകരം ദേശീയമുതലാളിത്തം വിഭാവനം ചെയ്ത ഒരു ഇന്ത്യയാണ് ഉരുവം കൊണ്ടതെന്നതാണ് ഇതിൻറെ മർമ്മം.

ഗാന്ധിയൻ സങ്കല്പങ്ങളെയും നെഹ്രുവിയൻ സങ്കല്പങ്ങളെയും വേണ്ടവിധം പരിചരിക്കാതിരുന്നതിൻറെ സംഘർഷവും സ്വാതന്ത്ര്യാനന്തര ഇന്ത്യ അനുഭവിക്കുന്നുണ്ട്. തദ്ദേശീയമായ വ്യാവസായികപാരമ്പര്യത്തെ ഗാന്ധി മുറുകെ പിടിച്ചപ്പോൾ ആധുനികവും പുരോഗമനപരവും എന്നാൽ ഭാരതീയ മൂല്യങ്ങളെ നിലനിർത്തുന്നതുമായ ഒരു വ്യവസായസങ്കല്പമാണ് നെഹ്റു മുന്നോട്ടു വെച്ചത്. ഇതിൽ രണ്ടിൽനിന്നും വഴിതെറ്റിപ്പിരിഞ്ഞ കൊളോണിയൽ ദേശരാഷ്ട്രസങ്കല്പങ്ങളുടെ യുക്തിയെ പിൻതുടർന്ന ബൂർഷ്വാനീതിയാണ് ഇന്ത്യൻ നാഗരികത നേരിടേണ്ടിവന്നത്. അതായത് ദേശീയമുതലാളിത്തത്തിന് അനുകൂലമായതും നവോത്ഥാനസ്വപ്നങ്ങൾക്ക് തുടർച്ച സാധ്യമല്ലാത്തതുമായ ഒരു ഇന്ത്യൻ നാഗരികത വളർന്നുവന്നു. അതിൻറെ സംഘർഷം 'ആൾക്കൂട്ടം' മുതലേ കണ്ടുവരുന്നു. 'അപഹരിക്കപ്പെട്ട ദൈവങ്ങ'ളിലെത്തുമ്പോൾ, നവലിബറലിസത്തിൻറെ എല്ലാ കപടമുഖങ്ങളെയും അത് പിൻപറ്റിയിരിക്കുന്നു. ഈ നവനാഗരികസംഘർഷത്തിൽനിന്നുകൊണ്ട് മുൻചരിത്രപശ്ചാത്തലങ്ങളെ ഒന്നും മറക്കാതെ, ജൈവികമായ ഒരു വീണ്ടെടുപ്പ് മനുഷ്യന് എങ്ങനെ സാധ്യമാക്കാം എന്ന് 'അപഹരിക്കപ്പെട്ട ദൈവങ്ങ'ളിൽ ആനന്ദ് അന്വേഷിക്കുന്നു.

നഗരങ്ങൾ ഗ്രാമങ്ങളെ കീഴടക്കുകയും പിന്നീട് സംഘർഷഘട്ടങ്ങളിൽ നഗരങ്ങൾ നശിക്കുകയും ഒരു ഇടവേളയ്ക്കുശേഷം നഗരം വീണ്ടും ഭരണകേന്ദ്രമാവുകയുംചെയ്യുന്ന ചാക്രികമായ ഒരു ചരിത്രസങ്കല്പത്തിലാണ് ആനന്ദ് നിലപാടുറപ്പിച്ചിരിക്കുന്നത്. ഈ നഗരസംസ്കാരങ്ങളെല്ലാം വളരെ ആസൂത്രിതവും ഘടനയോടുകൂടിയതുമായിരുന്നു. അവ മിക്കവാറും അധികാരസംവിധാനത്തിനു നിയന്ത്രിക്കാവുന്നതും(Governable) ആയിരുന്നു. എന്നാൽ പുതിയഘട്ടത്തിൽ അനിയന്ത്രിതമായ(ungovernable) ഒരു നഗരസാഹചര്യമാണ് വളർന്നു വന്നിരിക്കുന്നതെന്ന് 'അപഹരിക്കപ്പെട്ട ദൈവങ്ങൾ' എന്ന നോവലിൻറെ പശ്ചാത്തലം തെളിയിക്കുന്നു.

'അഭയാർത്ഥികൾ' എന്ന നോവൽ പലായനത്തിൻറെയും അഭയാർത്ഥിത്വത്തിൻറെയും സംഘർഷങ്ങളെയാണ് അവതരിപ്പിച്ചത്. അത് ഏതാനും പറ്റങ്ങളോ പ്രത്യേക വർഗ്ഗങ്ങളോ ഒരു പ്രദേശത്തെ ഭരണസംവിധാനത്തിനു കീഴിൽ വരുന്നവരോ ആയിരുന്നു. എന്നാൽ 'അപഹരിക്കപ്പെട്ട ദൈവങ്ങ'ളിൽ വികസിച്ചു വരുന്നത് ഓരോ വ്യക്തിയും സമകാലനഗരവ്യവസ്ഥയിൽ അഭയാർത്ഥികളോ കുടിയിറക്കപ്പെടുന്നവരോ നാടോടികളോ ആയിത്തീരുന്നതിൻറെ വർത്തമാന യാഥാർത്ഥ്യമാണ്. നഗരത്തിൽ സ്ഥിരവാസികൾ എന്ന വാക്കിനു അർത്ഥമില്ലാതായിരുന്നു. അതിനു പകരം 'അധിവാസി'കൾ പിറക്കുന്നതിൻറെ രാഷ്ട്രീയമാണ് ആനന്ദ് സൂക്ഷ്മവിശകലനം ചെയ്യുന്നത്.

സ്വാതന്ത്ര്യാനന്തരമുള്ള പതിറ്റാണ്ടുകളിൽ നഗരങ്ങൾ വളരെ ആസൂത്രിതമായി ചൂഷണം നടത്തിയിരുന്നു. അത് നഗരത്തിലെ വ്യാവസായികസംവിധാനങ്ങളോട് ഒത്തിണങ്ങി മാത്രമാണ് പുലർന്നത്. എന്നാൽ പുതിയഘട്ടത്തിൽ അത് വ്യാവസായിക ചൂഷണങ്ങൾക്കപ്പുറമാണ്. നഗരങ്ങളിലും ഗ്രാമങ്ങളിലും ഉള്ളവരെ മനുഷ്യരായല്ല വെറും ശരീരം മാത്രമായിട്ടാണ് പരിഗണിക്കുന്നത്. കലാപകാരികളും ഭീകരവാദികളും അധികാരമോഹികളും അവരവരുടെ ലക്ഷ്യങ്ങൾക്കായി എപ്പോഴെങ്കിലുമൊക്കെ ഉപയോഗിക്കപ്പെടുന്ന വെറും ശരീരങ്ങൾ മാത്രമാണവർ꠹

**അധിവാസികളുടെ ഉദയം :**

നഗരങ്ങൾ രൂപപ്പെടുന്നതിൻറെ ചരിത്രഘട്ടങ്ങൾ ഗണേശൻറെയും നസീമയുടെയും അമൻറെയും സംവാദങ്ങളിലൂടെയാണ് ഈ നോവലിൽ ആവിഷ്കരിക്കുന്നത്. ആരാധനാലയങ്ങളെ ചുറ്റിപ്പറ്റിയാണ് പണ്ടു കാലങ്ങളിൽ മിക്കവാറും നഗരങ്ങളെല്ലാം വികസിച്ചുവന്നതെന്നാണ് ഗണേശൻറെ വാദം. "പണ്ടുകാലത്ത് ഓരോ നഗരത്തിനും ഓരോ നഗരദേവതയുണ്ടായിരുന്നു. ദേവതകളുടെ ആരാധനാലയങ്ങളെ ചുറ്റിപ്പറ്റിയാണ് നഗരങ്ങൾ ഉണ്ടായതും വളർന്നുവന്നതും. നഗരദേവതയെ നഗരവാസികൾ ആരാധിച്ചു. ദേവത നഗരത്തെ സംരക്ഷിക്കുമെന്ന് അവർ വിശ്വസിച്ചു. പിന്നീട് നഗരങ്ങൾ വളർന്നുവന്നപ്പോൾ ദേവതകൾ വിസ്മരിക്കപ്പെട്ടു. ചുറ്റും ഉണ്ടായ വലിയ കെട്ടിടങ്ങളുടെയും അഴുക്കുചാലുകളുടെയും ചേരികളുടെയും ഇടയിൽ, എത്തിപ്പെടുവാനോ കാണുവാൻതന്നെയോ സാധിക്കാത്തവിധത്തിൽ, മുങ്ങിപ്പോയി നഗരദേവതകളുടെ കൊച്ച് അമ്പലങ്ങൾ" (ആനന്ദ് 2010:46). ആരാധനാലയത്തിൽ വരുന്നവരുടെ ആവശ്യപൂരണങ്ങൾക്കായാണ് ചെറിയ കച്ചവടശാലകൾ തുടങ്ങിയതെങ്കിലും ക്രമത്തിൽ അവ വലിയ വ്യാപാരവ്യവസായശൃംഖലകളായി രൂപം മാറി. അതോടെ ഗ്രാമീണവ്യവസ്ഥയെ ആരാധനാലയം സ്ഥാപിച്ചവരെ സംരക്ഷിച്ചുകൊണ്ടിരുന്ന മതിലുകൾ നീക്കം ചെയ്യപ്പെടുന്നു. 'പരിണാമത്തിൻറെ ഭൂതങ്ങൾ' എന്ന നോവലിലും സമാനമായ സങ്കല്പമാണ് ആനന്ദ് മുന്നോട്ടു വയ്ക്കുന്നത്. കോട്ടമതിലുകൾക്കുള്ളിൽ സംരക്ഷിതമായിരുന്നു ബോംബെ. മുംബാദേവിയുടെ നഗരം എന്നാണ് അത് അറിയപ്പെട്ടിരുന്നത്. എന്നാൽ അധിനിവേശത്തിൻറെ പരിണിതഫലമായി അതിൻറെ കോട്ടമതിലുകൾ നിലംപതിച്ചു. പകരം ഒരു മഹാനഗരം ഉയർന്നുവന്നു.

ആരാധനാലയകേന്ദ്രിതമായ ഗ്രാമവ്യവസ്ഥകൾ വൻനഗരമായി പരിണമിക്കുന്നതോടെ മറ്റൊരു ദേവത അവിടെ സ്ഥാനമുറപ്പിക്കുന്നുവെന്നാണ് നസീമയുടെ കണ്ടെത്തൽ. ഈ ദേവതയെ വികസനമെന്നാണ് അവൾ പേരിട്ടു വിളിക്കുന്നത്. "വളർച്ച എന്ന ആശയം - അതിനെയും നമുക്ക് ഒരു ദേവത എന്ന് വിശേഷിപ്പിക്കാം - ആവേശിച്ചു കഴിഞ്ഞാൽ നഗരം സംരക്ഷണത്തിൻറെ ദേവതയെ വിട്ട്, ആ പുതിയ ദേവതയുടെ പിന്നാലെ പോകുന്നു. പിന്തുടരുന്തോറും എട്ടു ദിക്കിലേക്കും അകന്നകന്നുപോകുന്ന അതിൻറെ മായികക്ഷേത്രങ്ങളെ തേടി" (2010:46). കൊളോണിയൽ ഘട്ടത്തിലും തുടർന്നും ഇന്ത്യയിലെ മിക്കനഗരങ്ങളും ഈ ദേവതയ്ക്കുവേണ്ടിയാണ് നഗരാതിർത്തികൾ പ്രാന്തങ്ങളിലേയ്ക്കു നീട്ടിയത്. ഒപ്പം ഗ്രാമവാസികളെ നഗരവളർച്ചയ്ക്കാവശ്യമായ ദ്രവ്യങ്ങളായി പരിവർത്തനം ചെയ്യുകയും ചെയ്തു. നഗരവാസികൾ സ്ഥിരവാസികളാവുന്നതും ജോലി തേടിയെത്തിയവർ പ്രവാസികളായ ചേരിനിവാസികളുമായിത്തീരുന്നതും ഈ ഘട്ടത്തിലാണ്.

ആധുനികനഗരവ്യവസ്ഥയിലെ സ്ഥിരവാസികൾക്കും പ്രവാസികൾക്കും ഇടയിൽ ഒരു പാരസ്പര്യം നിലകൊള്ളുന്നുണ്ട്. നീതീകരിക്കാനാവാത്ത ഈ പാരസ്പര്യംപോലും അന്യമാകുന്ന സ്ഥിതിയാണ് 'അപഹരിക്കപ്പെട്ട ദൈവങ്ങ'ളിലെ നഗരത്തിലുള്ളത്. നവനാഗരികതയെക്കുറിച്ചുള്ള അമൻറെ കാഴ്ചപ്പാട് ഇങ്ങനെയാണ് "നഗരവാസി എന്ന സ്ഥായിയായ ഒരു പ്രതിഭാസം ഒരു നഗരത്തിലുമില്ല. ഉണ്ടെങ്കിലും അതിനെക്കാൾ കൂടുതലായി ഒരു നഗരം സ്വന്തമാക്കിയിരിക്കുന്നത് അസ്ഥായിയായ അധിവാസിക്കാണ്. ഇന്നത്തെ അധിവാസി നാളത്തെ നഗരവാസിയായേക്കാം. പക്ഷേ, അധിവാസം അവസാനമില്ലാത്ത പ്രക്രിയയാണ്. നഗരജനതയുടെ സ്വത്വം നിരന്തരം പരിണമിച്ചുകൊണ്ടിരിക്കുന്ന ഒന്നും. അങ്ങനെ പരിണമിക്കുവാൻ ഹേതുവായിരിക്കെക്കൊണ്ട് ഓരോ നഗരവും മൗലികമായും അധിവാസിയുടേതാണ്" (2010:47).

ഈ അധിവാസികൾ നഗരം കൈയ്യേറുന്നതിനു പിന്നിൽ ചില പ്രഖ്യാപിത ലക്ഷ്യങ്ങളുണ്ട്. അവരിൽ ചിലരെല്ലാം നീതിനിഷേധിക്കപ്പെട്ടവരുടെ ഗണത്തിലുള്ളവരാണ്. എന്നാൽ അവർ സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ നീതീകരിക്കാവുന്നതുമല്ല. അവരെ മൂവർസംഘം വിലയിരുത്തുന്നത് ഇപ്രകാരമാണ് "ഇപ്പോൾ വരുന്നവർ അധികവും സംഘർഷങ്ങളും കലാപങ്ങളും ആഭ്യന്തരയുദ്ധങ്ങളും മൂലം അവരുടെ പ്രദേശങ്ങളിൽനിന്നു പുറന്തള്ളപ്പെട്ടവരാണ്. സവിശേഷമായ ഒരു ഉദ്ദേശ്യവും വെച്ചല്ല, വെറും അഭയം തേടിയാണ് അവർ വരുന്നത്. ഭാവിയുടെ സ്വപ്നങ്ങൾക്കു പകരം ഇന്നലെയുടെ വേദനകളും വിദ്വേഷങ്ങളും പേറിയാണ് അവരുടെ വരവ്. അവർ ഈ നഗരത്തിൽ ഒരിക്കലും പങ്കാളികളാകുന്നില്ല. അവരുടെ നഗരങ്ങളാകട്ടെ അവരെ

തിരസ്കരിക്കുകയും ചെയ്തിരിക്കുന്നു. ഉള്ളിൽ കൊണ്ടുവന്ന സംഘർഷത്തിൻറെയും കലാപത്തിൻറെയും അക്രമത്തിൻറെയും വിത്തുകളാണ് അവർ വിതയ്ക്കുന്നത്" (2010:47-48). ഇവരുടെ ആക്രമണത്തിൽ ശരിയായവിപ്ലവത്തിൻറെ ജൈവികമാനങ്ങൾ ചോർന്നുപോയിരിക്കുന്നതിനാൽ സ്വാതന്ത്ര്യത്തിൻറെ മൂന്നാം മാർഗ്ഗത്തിലൂടെയല്ല (സാർത്ഥകമായ സ്വാതന്ത്ര്യം) ഇവർ ചരിക്കുന്നത്. മാത്രമല്ല ഇവരുടെ പ്രതിഷേധനടപടികളിൽ ചാവേറുകളോ ബോംബുകളോ ഒക്കെ ആയിത്തീരേണ്ടിവരുന്നത് അവരുടെതന്നെ വർഗ്ഗത്തിനും ഗാങ്ങുകൾക്കും പുറത്തുള്ളവരാണ്. നഗരത്തിൽ നിശ്ചിതസമയം മാത്രം നിലകൊള്ളുന്ന ഈ അധിവാസികളെ സൃഷ്ടിക്കുന്നത് നവോത്ഥാനസ്വപ്നങ്ങളെ തകർത്തുകളഞ്ഞ വ്യാവസായികാനന്തരസമൂഹമാണ്.

**തെളിയേണ്ട ചരിത്രപാഠങ്ങൾ :**

ആനന്ദിൻറെ ചരിത്രപഠനങ്ങളിലുള്ള നഗരങ്ങൾക്ക് അധിനിവേശത്തിൻറെയോ ആധിപത്യത്തിൻറെയോ ചൂഷണത്തിൻറെയോ നീണ്ട ചരിത്രമുണ്ട്. എന്നാൽ 'അപഹരിക്കപ്പെട്ട ദൈവങ്ങ'ളിലെ നഗരങ്ങൾക്ക് ഒരു സ്ഥിരം ചരിത്രം അവകാശപ്പെടാനില്ല. ഐഡൻറിറ്റികൾ ഒന്നും സ്ഥാപിക്കപ്പെടാൻ നവനഗരങ്ങളിലെ 'അനിയന്ത്രിതാവസ്ഥ' സമ്മതിക്കുന്നില്ല എന്നതാണ് കാരണം. നിരന്തരം പ്രത്യക്ഷപ്പെടുകയും ഉടനടി മായ്ക്കപ്പെടുകയും ചെയ്യുന്നതിനാൽ ഹ്രസ്വമായ വർത്തമാനചരിത്രം മാത്രമാണ് അവിടെയുള്ളത്. അതിന് നാടോടിത്തത്തിൻറെ സ്വഭാവമാണുള്ളതെന്നാണ് ആനന്ദിൻറെ നിരീക്ഷണം. " നാടോടികൾ ചരിത്രത്തിന് വെളിയിൽ വസിക്കുന്നവരാണ്, അവർക്ക് ഭൂതവും ഭാവിയുമില്ല. വർത്തമാനം മാത്രമാണുള്ളത്" (2010:44). അതിനാൽ അധിവാസികളുടെ ചരിത്രം ആനന്ദ് അന്വേഷിക്കുന്നില്ല. നഗരത്തിനുപുറത്ത് തമ്പടിച്ചിരിക്കുന്ന, എന്നും ചരിത്രം വിസ്മരിക്കപ്പെട്ടവരുടെ ചരിത്രത്തിൻറെ പാഠാന്തരങ്ങളാണ് ആനന്ദ് നൈതികവ്യഗ്രതയോടെ പുനരാഖ്യാനം ചെയ്യാൻ ശ്രമിക്കുന്നത്. വടക്കൻ ദേശത്തുനിന്നും ചില സ്വപ്നങ്ങളുമായി എത്തിയ, തീവ്രവാദികൾ ഇരയാക്കിയ ഷംഷേറും മൻസൂറും, അനാഥശാലാനടത്തിപ്പുകാരായ മാഫിയസംഘം കൊലപ്പെടുത്തുന്ന വിജയ്യും അവിടെനിന്നും രക്ഷപ്പെടുന്ന ഷുക്കൂറും, ചരിത്രകാരനായ കോശിയും ഇംതിയാസുമെല്ലാം ഇവിടെ ചരിത്രവാഹകരാകുന്നു.

കവാസ്കിയും ഗണേശനും ഇത്തരം കൂട്ടങ്ങളെയോ വ്യക്തികളെയോ ആണ് അന്വേഷിച്ചിറങ്ങുന്നത്. അവരുടെ അന്വേഷണം ചെന്നെത്തുന്ന ഒരു പ്രധാനസ്ഥലമാണ് ഈ നോവലിലെ അനാഥാലയം. ചില സന്നദ്ധസംഘടനകളുടെ മാഫിയ പ്രവർത്തനങ്ങളെ മറയ്ക്കാനാണ് ഈ അനാഥാലയം നടത്തപ്പെടുന്നത്. തെരുവുകളിൽനിന്നും മൈതാനത്തുനിന്നും അംഗബലത്തിനുവേണ്ടി ഈ ആശാകേന്ദ്രത്തിൽ തടവുകാരക്കപ്പെട്ടവരുടെ ചരിത്രഗാഥകളെ പുറത്തുകൊണ്ടുവരാനാണ് ഗണേശൻറെയും കവാസ്കിയുടെയും പുറപ്പാട്.

ആശാനികേതനിൽനിന്നും രക്ഷപ്പെട്ട ശങ്കർ യഥാർത്ഥത്തിൽ ഷുക്കൂറാണ്. ഢാബായിൽവെച്ചാണ് ഗണേശൻ അവനെ തിരിച്ചറിയുന്നത്. അവനും വിമോചനസേന ബന്ദിയാക്കിയ അവൻറെ ജ്യേഷ്ഠനും വടക്കൻ മേഖലയിൽനിന്നും പലായനംചെയ്ത് നഗരപ്രാന്തത്തിൽ എത്തിച്ചേർന്നവരാണ്. ഗുജറുകളും വിമോചനസേനയുമെല്ലാം ഇരയാക്കിത്തീർത്തിട്ടുള്ള ഇവരുടെ വംശം വിഭജനത്തിൻറെയും പലായനത്തിൻറെയും സ്വത്വനഷ്ടത്തിൻറെയും ചരിത്രകഥകൾ വഹിക്കുന്നവരാണ്. അധിവാസസംസ്കാരത്തിൽ ലയിച്ചുചേരാതെ സ്വന്തം ചരിത്രം നിലനിർത്താൻ ശ്രമിക്കുന്ന ഇവരെ ഒരു സങ്കേതവും സംരക്ഷിക്കുന്നില്ല.

ഇംതിയാസിനെയും സുഹൃത്തിനെയും വിമോചനസേന തട്ടിക്കൊണ്ടു പോകുന്നത് ഭരണകൂടത്തിൽനിന്നും ചില വ്യവസ്ഥകൾ പാലിച്ചു കിട്ടാൻ വേണ്ടിയാണ്. ഇവരെ ബന്ദിയാക്കിയ മൻസൂർ പോലീസിനാൽ വധിക്കപ്പെടുന്നതോടെ വിദൂരഗ്രാമത്തിൽ തടവിലാക്കപ്പെട്ട അവർ രണ്ടുപേരും പട്ടിണി കിടന്നു മരിക്കുന്നു. നഗരങ്ങളോ സംഘടനകളോ ഇത്തരം വ്യക്തികളുടെയും സംഘങ്ങളുടെയും വംശചരിത്രങ്ങളെയും പാരമ്പര്യങ്ങളെയും വെച്ചുപൊറുപ്പിക്കുന്നില്ല എന്നു ചുരുക്കം.

അധിവാസികളുടെ നഗരവ്യവസ്ഥകളിലേക്ക് പ്രവേശിക്കാതെ മൈതാനത്തിൽ പാർക്കുന്ന വിവിധ സംഘങ്ങളെ ഈ നോവലിൽ അവതരിപ്പിക്കുന്നുണ്ട്. ഇവർ വസിക്കുന്ന മൈതാനത്തിലെ താല്ക്കാലിക വസതിയെക്കുറിച്ച് വിവരിക്കുന്നത്. ഇങ്ങനെയാണ് "വെള്ളപ്പൊക്കങ്ങളോ കലാപങ്ങളോ നീണ്ടു നിൽക്കുന്ന വംശീയസംഘർഷങ്ങളോ മൂലം ശരണാർത്ഥികളായി എത്തുന്നവർക്ക് ദുരിതാശ്വാസം എത്തിക്കേണ്ട ആവശ്യം വരുമ്പോൾ ഗവൺമെൻറ് ക്യാമ്പുകൾ ഉയർത്തുവാൻ ഉപയോഗിച്ചിരുന്ന മൈതാനമായിരുന്നു അത്. ഈവക പ്രശ്നങ്ങൾ നിരന്തരം ഉണ്ടായിക്കൊണ്ടിരുന്നതിനാൽ ഔദ്യോഗികമായി റിലീഫ് ക്യാമ്പുകൾ ഉയർത്തപ്പെട്ടില്ലെങ്കിലും മൈതാനത്ത് എപ്പോഴും ആരെങ്കിലുമൊക്കെ ഉണ്ടാകുമെന്ന അവസ്ഥ വന്നു" (2010:77). തങ്ങളുടെ അവകാശങ്ങൾ സ്ഥാപിക്കാൻവേണ്ടി ഗാങ്ങുകളോ കലാപകൂട്ടങ്ങളോ ആയി നഗരത്തിൽ അക്രമവാസന അഴിച്ചുവിടാൻ ഇവർ

ആഗ്രഹിക്കുന്നില്ല. അതിനാൽ നഗരം സൃഷ്ടിക്കുന്ന നാടോടിത്തത്തിലേക്കോ സ്വന്തം ചരിത്രം വിസ്മരിക്കുന്ന ഗാങ്ങുകളുടെ സ്വഭാവത്തിലേക്കോ ഇവർ പ്രവേശിക്കുന്നില്ല. തങ്ങളുടെ ഭൂതത്തിൻറെയും ഭാവിയുടെയും ദൈവങ്ങൾ അപഹരിക്കപ്പെടാൻ അവർ ഇഷ്ടപ്പെടുന്നുമില്ല. അതുപോലെ മറ്റു ജനങ്ങൾ ഇവർക്ക് തങ്ങളുടെ ലക്ഷ്യങ്ങൾ സാധിച്ചു കിട്ടാനുള്ള ചാവേറുകളുമല്ല.

മൈതാനവാസികൾ നഗരവാസത്തിനും നാടോടിത്തത്തിനും ഇടയിലുള്ള അവസ്ഥയിലുള്ളവരാണ്. കലാപങ്ങളും പീഡനങ്ങളും ഇവർക്കു തുടർക്കഥകളാണെങ്കിലും തങ്ങളുടെ വംശഗാഥകളെയും പാരമ്പര്യങ്ങളെയും അപഹരിക്കപ്പെടാത്ത ദൈവങ്ങളായി ഇവർ കാത്തുസൂക്ഷിക്കുന്നു. അവരുടെ പാട്ടുകളും പാരമ്പര്യനൃത്തങ്ങളും ഇതിനു തെളിവാണെന്നാണ് ഡാബാമാലിക് ഗണേശനോടു പറയുന്നത്. "കിഴക്കുനിന്നു വന്നവരാണ്, പടിഞ്ഞാട്ട് ഇനി അധികം പോകുവാനുമില്ല. അവർക്കുതന്നെ അറിയില്ല അവർ ഏതു ദിശയിലാണ് പോകുന്നതെന്ന്. സ്ഥലവും സമയവുമെല്ലാം അവസാനിക്കുന്ന ഒരിടമാണിത്. അവരുടെ കൈയിൽ ആകെയുള്ളത് അവർ എവിടെനിന്നു വന്നുവോ അതിൻറെ അടയാളങ്ങളായ ചില പാട്ടുകളും സംഗീതോപകരണങ്ങളും മാത്രം. ഒരുവിധത്തിൽ പറഞ്ഞാൽ അവരുടെ ഭൂതം. ആശയാണ് ദൈവമെങ്കിൽ അവർക്കു അവരുടെ ദൈവങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു" (2010:98). തങ്ങളുടെ പ്രതീക്ഷകൾക്ക് ഉറപ്പില്ലെങ്കിലും നവനാഗരികതയിലെ അധിവാസസങ്കല്പത്തിൽ തങ്ങളുടെ ചരിത്രഗാഥകളെ മായ്ച്ചുകളയാൻ അവർ ആഗ്രഹിക്കുന്നില്ല.

**ജൈവികതയുടെ സമഗ്രത :**

മനുഷ്യനെ കോശസമ്പാദനത്തിനുള്ള കേവലദ്രവ്യമാക്കി മാറ്റുന്ന അധികാരവ്യവസ്ഥയായ 'അർത്ഥശാസ്ത്ര'കാലത്തെ ആനന്ദിൻറെ രചനകളിൽ പലവട്ടം വിശകലനവിധേയമായിട്ടുണ്ട്. ഈയൊരു പാരമ്പര്യം അതിനുശേഷവും തുടരുന്നതിൻറെ തെളിവാണ് ദേശങ്ങളോ, നഗരങ്ങളോ ആരാധനാലയങ്ങളോ നിർമ്മിക്കുന്നതിനുള്ള സാമഗ്രികളിലൊന്നായി അടിമകളെയും തൊഴിലാളികളെയും പരിഗണിച്ചുപോന്നിരുന്നത്. നവനാഗരികതയിൽ ഇതു രൂപമാറ്റംവന്ന്, ഗാങ്ങുകൾക്കോ, മാഫിയസംഘങ്ങൾക്കോ അവകാശം നിഷേധിക്കപ്പെട്ടവർക്കോ അവകാശങ്ങൾ നേടുന്നതിനുള്ള ഉപകരണങ്ങളായി മനുഷ്യശരീരത്തെ (ചാവേറുകളോ, മനുഷ്യ ബോംബോ) രൂപപ്പെടുത്തുന്നു. അതിനാൽ നാഗരികതയ്ക്ക് മനുഷ്യനെപ്പറ്റി സമഗ്രതയാർന്ന സ്വതന്ത്രദർശനമില്ല. ചൂഷണം ചെയ്യാനും ഉപയോഗിക്കപ്പെടാനുമുള്ള വസ്തുമാത്രമായി മനുഷ്യൻ മാറിയിരിക്കുന്നു. "തീവ്രവാദി സംഘങ്ങളാണെങ്കിൽ ഏതെങ്കിലും ഡിമാൻറുകൾ സാധിച്ചെടുക്കുന്നതുവരെ ഒരുവനെ എവിടെവേണമെങ്കിലും അവർക്ക് ഹോസ്റ്റേജാക്കി സൂക്ഷിക്കാം. അവരുടെ സംഘത്തിൽ ചേർക്കുവാൻ വേണ്ടിയാണ് തട്ടിക്കൊണ്ടുപോയിരുന്നതെങ്കിൽ അവനെ പിന്നെ സ്വന്തം ബോംബിന് ഇരയായി വീണു കിടക്കുന്ന ഒരു ചാവേർ പടയാളിയുടെ അവസ്ഥയിൽ പ്രതീക്ഷിച്ചാൽ മതി. ലൈംഗികചൂഷണത്തിനും മയക്കുമരുന്നുവ്യാപാരത്തിനും വേണ്ടി കൊണ്ടുപോകപ്പെടുമ്പോൾ സമൂഹത്തിൻറെ തിളയ്ക്കുന്ന ചീനച്ചട്ടിയിൽ നുരയും പതയുമായി പൊന്തിവരും" (2010:139). അതിനാൽ പ്രകൃതിയുടെ ജൈവികസ്വാതന്ത്ര്യത്തിൽ പങ്കുചേരാനോ അധിവാസവ്യവസ്ഥയെ അതിജീവിക്കാനോ കഴിയാതെ ഷുക്കൂറിനെപ്പോലുള്ളവർ മെറ്റബോളിസത്തിലേക്ക് ചുരുങ്ങേണ്ടിവരുന്നു.

യൂറോപ്പിൽ ശാസ്ത്രവികസനഘട്ടത്തിൽ അനാട്ടമി സ്കൂളിലെ പരീക്ഷണങ്ങൾക്കായി മനുഷ്യനെ തട്ടിക്കൊണ്ടുപോയിരുന്ന സംഘത്തെ ആനന്ദ് നോവലിൽ ഓർത്തെടുക്കുന്നുണ്ട്. ഇന്ത്യയിൽ കുട്ടികളെ ഹിജഡഗണത്തിൽ ചേർക്കാനായി കടത്തിക്കൊണ്ടുപോകുന്നതും നോവലിൽ ഒരു വിഷയംതന്നെയായി അവതരിപ്പിക്കുന്നുണ്ട്. ഇതെല്ലാം പരിമിതമായ വൃത്തത്തിൻറെയുള്ളിലായിരുന്നു. എന്നാൽ ഇന്ന് നവനാഗരികതയുടെ ആവശ്യാനുസരണം ആരും ഇരയാക്കപ്പെട്ടേക്കാം. ആനന്ദിൻറെ ആദ്യകാലനോവലുകളിലെല്ലാം ചെറുത്തുനില്പിൻറെ മാർഗ്ഗം സ്വീകരിക്കുന്ന പല കഥാപാത്രങ്ങളുമുണ്ട്. 'ആൾക്കൂട്ട'ത്തിലെ സുനിലും ജോസഫും രാധയും പ്രേമുംഎല്ലാം ആൾക്കൂട്ടശരീരമാകാതിരിക്കാൻ വേണ്ടി പോരാടുന്നവരാണ്. 'ഗോവർധൻറെ യാത്രകളി'ലെ നായകൻ വലയിതനീതിയ്ക്കുള്ളിൽ പെട്ടുപോകാതിരിക്കാൻ പോരാടുന്നവനാണ്. കുന്ദൻറെ പോരാട്ടമാകട്ടെ അധികാരവ്യവസ്ഥിതിക്കു മുന്നിൽ അടിപതറാതിരിക്കാനും. എന്നാൽ നവനാഗരികതയിൽ ഇത്തരം സ്വാതന്ത്ര്യപോരാട്ടങ്ങൾ ഒരിക്കലും സാധ്യമല്ലാതായിരിക്കുന്നു.

മനുഷ്യനെ അവൻറെ ജൈവികസ്വാതന്ത്ര്യത്തിൽനിന്ന് മുറിച്ചുനീക്കുന്ന അധിവാസനാഗരികതയെ നേരിടാൻ പടവെട്ടുന്നവരാണ് കവാസ്കിയും ഗണേശനും. ഇത്തരം മുറിച്ചു മാറ്റലുകൾക്കെതിരെ പോരാടാൻ പുതുതലമുറയെ സജ്ജമാക്കേണ്ട വിദ്യാകേന്ദ്രങ്ങളും നവനാഗരികതയുടെ തന്ത്രംതന്നെയാണ് പ്രയോഗിക്കുന്നതെന്ന് അവർ കണ്ടെത്തുന്നു. ഇതിനു ബദലായൊരു വിദ്യാഭ്യാസസങ്കല്പം അവർ സ്വപ്നം കാണുകയും ചെയ്യുന്നു. നഗരത്തിൽനിന്നു ഏറെ മാറി ഗണേശൻറെ സുഹൃത്ത് സേവനം ചെയ്യുന്ന ഒരു വിദ്യാലയം ഈ നോവലിലുണ്ട്. നഗരത്തിലെ വിദ്യാലയങ്ങൾ വിജയികളുടെ മുഖചിത്രങ്ങൾ അവരുടെ പരസ്യങ്ങളിൽ ചേർക്കുമ്പോൾ, ഈ വിദ്യാലയം സമ്മാനിതരെ മാത്രമല്ല, എല്ലാവരുടെയും മുഴുചിത്രങ്ങളാണ് അവിടെ സൂക്ഷിച്ചിരിക്കുന്നത്. മറ്റു വിദ്യാലയങ്ങൾക്ക് അവരുടെ പരസ്യത്തിനും പ്രശസ്തിക്കും ധനസമ്പാദനത്തിനുമുള്ള ശരീരങ്ങൾ കൂടിയാണ് അവിടുത്തെ വിദ്യാർത്ഥികൾ. എന്നാൽ പല കാരണങ്ങൾകൊണ്ട് പിന്നിലാക്കപ്പെടുകയോ ഒരിക്കൽ ഇരയാക്കപ്പെടുകയോ ചെയ്യപ്പെട്ട കുട്ടികളാണ് നഗരത്തിൽനിന്ന് അകലെ സ്ഥിതി ചെയ്യുന്ന സ്വാമിയുടെയും സുചിത്രബഹൻറെയും വിദ്യാകേന്ദ്രത്തിലെ കുട്ടികൾ. നഗരം സാധ്യമാക്കാത്ത ജൈവികക്രമത്തിലെ സമഗ്രതയെ തിരിച്ചുപിടിക്കാനാണ് ഇവരുടെ ശ്രമം.

**പരിണമിക്കേണ്ട സ്വാതന്ത്ര്യം :**

ഏതെങ്കിലും ഒരു ദേശത്തുനിന്നോ വ്യവസ്ഥയിൽനിന്നോ പുറത്താക്കപ്പെട്ടവരുടെ ചരിത്രം അന്വേഷിച്ചാണ് ഗണേശനും കവാസ്കിയും മൈതാനത്തിലേക്കും ആശാനികേതനത്തിലേക്കുമൊക്കെ എത്തുന്നത്. അധിവാസികളാൽ തച്ചുടയ്ക്കപ്പെടാത്ത ഒരാവാസവ്യവസ്ഥ എങ്ങനെ പുനഃസ്ഥാപിക്കാം എന്ന ചിന്തയാണ് കവാസ്കിയുടേത്. ആർക്കിടെക്റ്റും ഗവൺമെൻറ് ടൗൺ പ്ലാൻ കൺസൾട്ടൻറുമായ കവാസ്കി അധിവാസികളുടെ നഗരവ്യവസ്ഥയ്ക്കു പകരം മറ്റൊന്ന് വളർന്നുവരണമെന്ന് ആഗ്രഹിക്കുന്നവനുമാണ്.

ഒരു ആർക്കിടെക്റ്റിനോ കൺസൾട്ടൻറിനോ ഉണ്ടായിരിക്കേണ്ട ശാന്തത പലപ്പോഴും കവാസ്കിയിലില്ല. അദ്ദേഹത്തിൻറെ ചില തീവ്രനയങ്ങൾ ഗണേശനെ ആശങ്കപ്പെടുത്തുന്നുണ്ട്. അനാഥശാലയുടെ ഢബ്ബകൾ തകർക്കാൻ തീരുമാനമെടുക്കുക, രജിസ്റ്ററിൽനിന്നും കുട്ടികളുടെ ഡേറ്റകൾ കീറിയെടുക്കുക തുടങ്ങിയവയെല്ലാം 'അധിവാസസംസ്കാരത്തെ തകർക്കണമെന്ന അദ്ദേഹത്തിൻറെ ധാർമ്മികബോധത്തിൽനിന്നും ഉരുവാകുന്നതാണ്. നഗരവ്യവസ്ഥകൾക്ക് വേണ്ടപ്പെട്ടവരെല്ലാം പൗരന്മാരോ പ്രജകളോ ആയിത്തീരുമ്പോൾ അവശേഷിക്കുന്നവർ അടിമകളോ 'അപൗരന്മാരോ' ആണ്. ഈ ചരിത്രത്തുടർച്ചയുടെ വിച്ഛേദം കൂടിയാണ് കവാസ്കിയുടെ രൂപരേഖയിലുള്ളത്.

കവാസ്കിയെ അവസാനമായി ഗണേശൻ കാണുന്നത് ഒരു കോളനിയിലെ കെട്ടിടങ്ങൾ തകർക്കുന്നിടത്തുവച്ചാണ്. സ്ഥിരവസതികൾ(Permanent Settlement) മാറ്റി താൽക്കാലിക വീടുകൾ കെട്ടുന്നതിനുള്ള പണിയിലേർപ്പെട്ടിരിക്കുകയായിരുന്നു അവൻ. ഒരു നിശ്ചിതകാലത്തിനുശേഷം അഴിച്ചുപണിയുകയോ പുതുക്കുകയോ ചെയ്യേണ്ടവയാണ് താല്ക്കാലികവസതികൾ. അധിവാസികളാലോ അധികാരവ്യവസ്ഥകളാലോ അടിച്ചമർത്തപ്പെടുന്നവരാകാതെ നിരന്തരം

വികസിക്കേണ്ടവരും പരിണമിക്കേണ്ടവരുമാണ് ജൈവപ്രകൃതിയുടെ ഭാഗമായ മനുഷ്യനും. താല്ക്കാലിക വസതികൾ എന്ന പദ്ധതിയുടെ പിന്നിലെ കവാസ്കിയും സങ്കല്പവും ഇതാണ്. സ്ഥിരവസതികൾ തകർക്കുന്ന കവാസ്കിയെ അജ്ഞാതൻ കൊലപ്പെടുത്തുമ്പോൾ ജൈവികസ്വാതന്ത്ര്യത്തിൻറെ മരണംകൂടിയാണ് പ്രഖ്യാപിക്കുന്നത്. പ്രകൃതി നൽകുന്ന സ്വാതന്ത്ര്യമെന്ന ദൈവം എന്നും അപഹരിക്കപ്പെടുന്നുവെന്ന ചരിത്രം നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുമെന്നു ചുരുക്കം

## ഗ്രന്ഥസൂചി:

1. ആനന്ദ്, 2010 അപഹരിക്കപ്പെട്ട ദൈവങ്ങൾ, ഡി.സി. ബുക്ക്സ്, കോട്ടയം.
2. ആനന്ദ്, 2007 പരിണാമത്തിൻറെ ഭൂതങ്ങൾ, ഡി.സി.ബുക്ക്സ്, കോട്ടയം.
3. ആനന്ദ്, 1998 ജൈവമനുഷ്യൻ, ഡി.സി.ബുക്ക്സ്, കോട്ടയം.
4. റോയി എം.എൻ, 2000 ഇന്ത്യ പരിവർത്തനദശയിൽ •വിവ. ഗോവിന്ദക്കുറുപ്പ്) കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. നാരായണൻ, കെ.സി; വേദനയുടെ ചില ഉപയോഗങ്ങൾ, ഭാഷാപോഷിണി 4, 28 (സെപ്റ്റംബർ 2004).